# കേരളസർവകലാശാല

നം.പി.ആർ.175/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ബിരുദ പ്രവേശനം 2022
### സ്പോർട്സ് ക്വാട്ട പ്രവേശനം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് വെരിഫിക്കേഷൻ സ്റ്റാറ്റസ് നോക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പരാതിയുള്ളവർ ആഗസ്റ്റ് 24 നകം രേഖാമൂലം (ഇ-മെയിൽ– onlineadmission@keralauniversity.ac.in)പരാതി നൽകണം. ഈ പരാതികൾ പരിഗണിച്ച ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും.

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദാന്തരബിരുദ പ്രവേശനം 2022
### ഒന്നാം ഘട്ട അലോട്ട്മെന്റ്

കേരളസർവകലാശാലയുടെ 2022 – 23 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശദാംശങ്ങൾ വെബ്സൈറ്റിൽ) അടയ്ക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 21 ന് വൈകുന്നേരം 5 മണി. മേൽപറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതും അവരെ രണ്ടും മൂന്നും അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിനായി സർവകലാശാല ഫീസ് മേൽപറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പരീക്ഷാഫലം

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. മൈക്രോബയോളജി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 29 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജനുവരിയിൽ നടത്തിയ ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.ഫാം. (അഡീഷണൽ ചാൻസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2022 ആഗസ്റ്റ് 25 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എ./എം.എസ്‌സി., എം.കോം, നവംബർ 2021 കോവിഡ് സ്പെഷ്യൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.എസ്.ഡബ്ല്യൂ./എം.കോം ന്യൂജനറേഷൻ ഡിഗ്രി പ്രോഗ്രാമുകളുടെ (2020 അഡ്മിഷൻ) പരീക്ഷ സെപ്റ്റംബർ 15 മുതൽ ആരംഭിക്കുന്നതാണ്. ടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

കേരളസർവകലാശാല ആഗസ്റ്റ് 2 ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.എസ്‌സി. ഇലക്ട്രോണിക്സ്, മാർച്ച് 2022 EX1345 – മൈക്രോ പ്രോസസർ പ്രായോഗിക പരീക്ഷ ആഗസ്റ്റ് 23 ലേക്ക് മാറ്റിയിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2022 ആഗസ്റ്റ് 22 ന് ആരംഭിക്കുന്ന ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ്) പ്രായോഗിക പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രോജക്ട് സമർപ്പിക്കാം

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ./എം.എ.എച്ച്.ആർ.എം., ജൂൺ 2022 പരീക്ഷകളുടെ പ്രോജക്ട് സമർപ്പിക്കുവാനുള്ള തീയതി ആഗസ്റ്റ് 31 ലേക്ക് നീട്ടിയിരിക്കുന്നു. പ്രോജക്ടുകൾ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ./ബി.എസ്‌സി./ബി.കോം. (മേഴ്സിചാൻസ് – 2013 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 22 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 25 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 27 വരെയും ഓഫ്‌ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ ആഗസ്റ്റ് 2 ലെ വിജ്ഞാപനത്തിൽ ലഭ്യമാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താം

കേരളസർവകലാശാലയുടെ ബി.ടെക്. ഡിഗ്രി (2016 & 2017 അഡ്മിഷൻ), അഞ്ച് വർഷം പൂർത്തിയാക്കിയ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് എല്ലാ സെമസ്റ്ററുകളുടേയും ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താൻ അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി 2022 സെപ്റ്റംബർ 20. അപേക്ഷയോടൊപ്പം 735 /- രൂപ ഫീസ് ഓരോ സെമസ്റ്ററിനും അടയ്ക്കേണ്ടതാണ്. അപേക്ഷയുടെ പകർപ്പും മറ്റ് വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

കേരളസർവകലാശാലയുടെ ബി.ആർക്ക്. ഡിഗ്രി (2013 സ്കീം – 2015 അഡ്മിഷൻ), ആറ് വർഷം പൂർത്തിയാക്കിയ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് (40 മാർക്ക് യൂണിവേഴ്സിറ്റി തിയറി പരീക്ഷയിൽ ലഭിക്കാത്തവർ) ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താൻ അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി 2022 സെപ്റ്റംബർ 20. അപേക്ഷയോടൊപ്പം 735 /- രൂപ ഫീസ് ഓരോ സെമസ്റ്ററിനും അടയ്ക്കേണ്ടതാണ്. അപേക്ഷയുടെ പകർപ്പും മറ്റ് വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

തിരുവനന്തപുരം,
19.08.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)


**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**


| **University information is available on 9188526670, 9188526671, 9188526674, 9188526675** |
|---|